LIBRARY ARCHIVES Kerala Legislative Assembly

സ്കൂളുകളിൽ വിദ്യാർത്ഥികൾക്ക് കുറ്റമറ്റതും കാര്യക്ഷമവുമായ ഗ്രേഡിംഗ് സമ്പ്രദായം ഏർപ്പെടുത്തുവാൻ നടപടി

45 [1402] ശ്രീ. പി. എസ്. സുപാൽ:

,, പി. നാരായണൻ:

,, ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ വിദ്യാർത്ഥികൾക്ക് കുറ്റമറ്റതും കാര്യക്ഷമവുമായ ഗ്രേഡിംഗ് സമ്പ്രദായം ഏർപ്പെടുത്തുവാൻ കഴിയില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ മറ്റെന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ഡിസ്ട്രിക്റ്റ് മെറിറ്റ്, സ്റ്റേറ്റ് മെറിറ്റ് സ്കോളർഷിപ്പുകളുടെ വിതരണം

46 [1404] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡിസ്ട്രിക്റ്റ് മെറിറ്റ്, സ്റ്റേറ്റ് മെറിറ്റ് സ്കോളർഷിപ്പുകൾ ഏതു വർഷം വരെയുള്ളത് വിതരണം ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത സ്കോളർഷിപ്പ് എത്ര കുട്ടികൾക്ക് പുതുതായി വിതരണം ചെയ്യേണ്ടതുണ്ട്;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2001-02, 2002-03 വർഷങ്ങളിൽ എന്തു തുക ഇതിനായി അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ഡി) മതിയായ ഫണ്ട് അനുവദിക്കാത്തതുകൊണ്ടാണോ മുഴുവൻ അപേക്ഷകർക്കും സ്കോളർഷിപ്പ് വിതരണം ചെയ്യാൻ കഴിയാത്തത്;

(ഇ) അപേക്ഷകരുടെ എണ്ണത്തിനനുസരിച്ച് മുഴുവൻ പേർക്കും വിതരണം ചെയ്യേണ്ട തുക അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഡിസ്ട്രിക്റ്റ് മെറിറ്റ് സ്കോളർഷിപ്പ് 1991 മുതൽ 1998-99 വരെയുള്ള വർഷങ്ങളിൽ, അപേക്ഷകൾ കിട്ടുന്ന മുറയ്ക്ക് അടിസ്ഥാന വർഷത്തേയും, പുതുക്കൽ തുടർന്നുള്ള വർഷങ്ങളിലേയും അനുവദിച്ച് വിതരണം ചെയ്തിട്ടുണ്ട്. 1999-2000 വർഷത്തിലെ അപേക്ഷ കിട്ടിയതനുസരിച്ച് അടിസ്ഥാന വർഷത്തേയ്ക്കു മാത്രം അനുവദിച്ച് വിതരണം ചെയ്തിട്ടുണ്ട്. സ്റ്റേറ്റ് മെറിറ്റ് സ്കോളർഷിപ്പ് 2002-2003 കാലഘട്ടം വരെ വിതരണം ചെയ്തിട്ടുണ്ട്.

(ബി) 1991 മുതൽ 1999-2000 വരെ എസ്. എസ്. എൽ. സി. പാസായ വിദ്യാർത്ഥികൾക്ക് അപേക്ഷ കിട്ടിയ മുറയ്ക്ക് അടിസ്ഥാന വർഷത്തേയും പുതുക്കിയ വർഷങ്ങളിലേയും സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട്. 1999-2000-ലെ അടിസ്ഥാന വർഷത്തെ അപേക്ഷകൾക്ക് മാത്രമേ സ്കോളർഷിപ്പ് അനുവദിച്ചിട്ടുള്ളൂ. 2000-01, 2001-02, 2002-03 എന്നീ വർഷങ്ങളിൽ ആദ്യത്തെ ഇരുപത് റാങ്കിനകത്തുവരുന്ന എല്ലാ കുട്ടികൾക്കും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് സ്കോളർഷിപ്പ് അനുവദിക്കേണ്ടതും, തുടർന്നുള്ള വർഷങ്ങളിലേക്ക് അർഹതപ്പെട്ട അപേക്ഷകൾക്ക് പുതുക്കൽ നല്കേണ്ടതുമാണ്. സ്റ്റേറ്റ് മെറിറ്റ് സ്കോളർഷിപ്പ് പ്ലസ് വൺ-ന് 450 എണ്ണവും ഒന്നാം വർഷ ബിരുദത്തിന് 300 എണ്ണവും ഒന്നാം വർഷ ബിരുദാനന്തര ബിരുദത്തിന് 150 എണ്ണവും പുതുതായി വിതരണം ചെയ്തിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഡിസ്ട്രിക്ട് മെറിറ്റ് സ്കോളർഷിപ്പിന് 2001-02-ൽ 20,00,000 രൂപയും 2002-03-ൽ 7,00,000 രൂപയും അനുവദിച്ചു. സ്റ്റേറ്റ് മെറിറ്റ് സ്കോളർഷിപ്പിന് ഇതേ കാലയളവിൽ 10,00,000 രൂപാ വീതം അനുവദിച്ചു.

(ഡി) ഡിസ്ട്രിക്ട് മെറിറ്റ് സ്കോളർഷിപ്പിന് മതിയായ ഫണ്ട് അനുവദിക്കാത്തതാണ് മുഴുവൻ അപേക്ഷകർക്കും സ്കോളർഷിപ്പ് വിതരണം ചെയ്യാൻ കഴിയാത്തത്. 2000-01 മുതൽ സ്കോളർഷിപ്പ് തുക പ്രതിവർഷം 2,000 രൂപയിൽ നിന്നും 4,000 രൂപയാക്കി ഇരട്ടിപ്പിച്ചതും ഒരു കാരണമാണ്. മതിയായ ഫണ്ട് അനുവദിച്ചതു കാരണം അർഹരായവർക്കെല്ലാം സ്റ്റേറ്റ് മെറിറ്റ് സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട്.

(ഇ) ബഡ്ജറ്റിൽ കൂടുതൽ തുക ഉൾപ്പെടുത്തി കൂടിശ്ശിക അപേക്ഷകൾ തീർക്കുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly